ആദിവാസി സ്ത്രീകളെ മദ്യം കുടിപ്പിച്ച് നൃത്തം ചെയ്യിച്ച സംഭവം

387. [496] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 ആഗസ്റ്റ് 24-ന് അർദ്ധരാത്രി വയനാട് ജില്ലയിലെ തിരുനെല്ലി പഞ്ചായത്തിൽ ബ്രഹ്മഗിരിയുടെ താഴ്വരയിൽ അപ്പപ്പാറ എന്ന സ്ഥലത്ത് ആദിവാസി സ്ത്രീകളെ മദ്യം കുടിപ്പിച്ച് പോലീസ് ഉദ്യോഗസ്ഥൻമാർ നൃത്തം ചെയ്യിച്ച സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരുകൾ വ്യക്തമാക്കുമോ ;

(സി) ഇവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടികൾ ?

ഉത്തരം

(എ, ബി, സി, ഡി) ഈ രീതിയിലുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ അന്വേഷണങ്ങൾക്കു വിധേയമായി ഡി. വൈ. എസ്. പി. ശ്രീ. അബ്ദുൽ അസീസിനേയും ഒരു അസിസ്റ്റൻറ് സബ് ഇൻസ്പെക്ടറേയും സസ്പെൻറ് ചെയ്യുകയും, വയനാട് സ്പെഷ്യൽ ബ്രാഞ്ച് എസ്. പി. ശ്രീ. രാമചന്ദ്രനേയും, എച്ച്. സി. ശ്രീ. ബാലനേയും സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തു നടന്ന ആത്മഹത്യകൾ

388. [497] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തു നടന്ന ആത്മഹത്യകളിൽ കുടുംബം മുഴുവൻ ആത്മഹത്യ ചെയ്ത എത്ര കേസുകൾ ഉണ്ട് ;

(ബി) സംസ്ഥാനത്ത് ദിവസേന ശരാശരി എത്ര ആത്മഹത്യകൾ നടക്കുന്നു ?

ഉത്തരം

(എ) 6 കേസുകൾ.

(ബി) പതിനഞ്ച്.

സ്ത്രീധനത്തിന്റെ പേരിൽ ആത്മഹത്യ

389. [498] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ ആത്മഹത്യ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly